"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം ന് വയനാട് ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.229/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2021

പരാമർശം:- 1 സ.ഉ (സാധാ)നം. 3104/2018/തസ്വഭവ തീയതി 06/12/2018

2 ശ്രീ. റഷീദ്.കെ.എം സമർപ്പിച്ച 23/06/2020 ലെ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 05.08.2020 ലെ PAN/21869/2018-E14(DP) നം. കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം ന് വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഡ്രൈവർ തസ്തികയിൽ നിശ്ചിത ശതമാന പരിധിയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ. റഷീദ്.കെ.എം ടിയാന് വയനാട് ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുകയും നിലവിൽ വയനാട് ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ഒഴിവുകൾ ഇല്ലെന്നും എന്നാൽ 31.05.2020 തീയതിയിൽ വയനാട് ജില്ലയിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടാകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവ് പരിഗണിച്ച് ടിയാന് വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന ഡ്രൈവർ തസ്തികയിലെ ഒഴിവിലേക്ക് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായും എന്നാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ അന്വേഷിച്ചതിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ആനുപാതിക ഒഴിവുകൾ ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും ഇപ്രകാരമുള്ള ഒഴിവ് അടുത്ത വർഷങ്ങളിൽ വരാൻ സാധ്യതയില്ല എന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതായും ഒരിക്കൽ ടിയാന് അർഹതപ്പെട്ട അന്തർജില്ലാ സ്ഥലംമാറ്റം അനർഹനായ ഒരാൾക്ക് അനുവദിക്കുകയും ആയത് ബന്ധപ്പെട്ട് മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തതായും ടിയാന് നീതി ലഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയും ചെയ്തു.

ശ്രീ.റഷീദ്.കെ.എം മലപ്പുറം ജില്ലയിൽ കവനൂർ ഗ്രാമപഞ്ചായത്തിൽ 25.08.2014 ൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടിയാന്റെ സ്വദേശം വയനാട് ജില്ലയിലാകയാൽ അന്തർജില്ലാ സ്ഥലം മാറ്റത്തിലൂടെ നിയമനം ലഭിക്കുന്നതിന് ടിയാൻ അപേക്ഷ ഉചിതമാർഗ്ഗേണ സമർപ്പിച്ചിരുന്നു. അതോടൊപ്പം ഇടുക്കി ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ 29.09.2015 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ ഉണ്ണിമോയിയുടെ മാതാവ് ടിയാന് കോഴിക്കോട് ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനുശേഷം ശ്രീ ഉണ്ണിമോയി വയനാട് ജില്ലയിലേക്ക് അന്തർജില്ലാ മാറ്റം അനുവദിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ഉചിതമാഗ്ഗേണ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ ഉണ്ണിമോയിയുടേയും ശ്രീ റഷീദ്.കെ.എം ന്റെയും അപേക്ഷ പരിഗണയിലായിരിക്കെ വയനാട് ജില്ലയിൽ ഒഴിവുണ്ടോയെന്ന് ആരായുകയും ഒരു ഒഴിവ് ഉണ്ടെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ രോഗത്തിൽ ജീവിക്കുന്ന അമ്മയെ സഹായിക്കുന്നതിന് ശ്രീ.ഉണ്ണിമോയിക്ക് സ്ഥലംമാറ്റം നൽകുന്നത്

അഭികാമ്യമായിരുന്നതിനാൽ പ്രസ്തുത ഒഴിവിലേക്ക് ടിയാനെ പഞ്ചായത്ത് ഡയറക്ടറുടെ 04.02.2017ലെ ഇ14-15505/16-ാം നമ്പർ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നതായും ഇതിനെതിരെ ശ്രീ റഷീദ് കേസ് ഫയൽ ചെയ്യുകയും കോടതിവിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. റഷീദ് കെ.എം. ന് വയനാട് ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഡ്രൈവർ തസ്തികയിൽ നിശ്ചിത ശതമാന പരിധിയിലുണ്ടാകുന്ന ആദ്യ ഒഴിവിലേക്ക് പരിഗണിക്കുന്നതിന് പരാമർ ശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ശ്രീ റഷീദിന് അന്തർജില്ലാ സ്ഥലംമാറ്റം മുഖേന സ്ഥലംമാറ്റം നൽകുന്നതിന് ഒഴിവ് നിലവിലില്ലെന്നും സ്ഥലംമാറ്റം നൽകുന്നതിന് ആവശ്യമായ ഒഴിവുകൾ സമീപ ഭാവിയിൽ ലഭ്യമാകാൻ സാധ്യത വിരളമായതിനാൽ ശ്രീ റഷീദിന്റെ ആവശ്യം പരിഹരിക്കാൻ കാലതാമസം നേരിടുമെന്ന് കാണുന്നതായും അതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖേനയല്ലാതെ സ്ഥലംമാറ്റം നൽകുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ലഭ്യമായാൽ മാത്രമേ വയനാട് ജില്ലയിൽ ഒഴിവുവരുന്ന ഡ്രൈവർ തസ്തികയിൽ ശ്രീ റഷീദിന് നിയമനം നൽകാൻ സാധിക്കുകയുള്ളുവെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.റഷീദ്.കെ.എം. ന് വയനാട് ജില്ലയിൽ നിലവിൽ ഉള്ള ഒഴിവിലോ അപ്രകാരം ഒഴിവില്ലെങ്കിൽ വയനാട് ജില്ലയിൽ ഉടൻ ഉണ്ടാകാൻ പോകുന്ന ഒഴിവിലോ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിശ്ചിത ശതമാന പരിധി പരിഗണിക്കാതെ തന്നെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി ടിയാന് സ്ഥലംമാറ്റം അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം/ കോഴിക്കോട് / വയനാട്

ശ്രീ.റഷീദ്.കെ.എം. , സീനിയർ ഗ്രേഡ് ഡ്രൈവർ, കാവനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/69/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danujell

സെക്ഷൻ ഓഫീസർ